**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5405** — **03-11-2021 - ൽ മറുപടിയ്ക്ക്**

**വിമാനത്താവളങ്ങളിലെ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശങ്ങളിലേക്ക് തൊഴിലിനായി പോകുന്നവർക്ക് ആർ.ടി.പി.സി.ആർ. ടെസ്റ്റിനായി വിമാനത്താവളങ്ങളിൽ സാധാരണ നിരക്കിന്റെ 5 ഇരട്ടിയോളം അടയ്ക്കേണ്ടിവരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ കോവിഡ് -19 ടെസ്റ്റുകൾക്ക് വ്യത്യസ്ത നിരക്കുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നിശ്ചയിച്ച് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിമാനത്താവളങ്ങളിലെ കോവിഡ് -19 ടെസ്റ്റുകളുടെ നിരക്കുകൾ സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം അബോട്ട് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്, തെർമോ ഫിഷർ സയന്റിഫിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ റാപിഡ് പിസിആർ പരിശോധനയ്ക്ക് 2490/- രൂപയും സാധാരണ RTPCR പരിശോധനയ്ക്ക് 500/- രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ചില വിദേശ രാജ്യങ്ങൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇന്ത്യയിൽ നിന്നും യുഎഇ യിലേക്കുള്ള യാത്രക്കാർക്ക് യാത്ര പുറപ്പെടുന്നതിന് 48 മണിക്കൂറിനകമുള്ള RTPCR നെഗറ്റീവ് ഫലം ആവശ്യമാണ്. അതിനുപുറമേ, പുറപ്പെടുന്നതിനു മുമ്പുള്ള 4 മണിക്കൂറിനുള്ളിൽ വിമാനത്താവളത്തിൽ വച്ച് നടത്തുന്ന Rapid PCR പരിശോധനയ്ക്ക് വിധേയമാകണം. ചില രാജ്യങ്ങൾ പിന്നീട് 4 മണിക്കൂറെന്നുള്ളത് 6 മണിക്കൂറായി പരിഷ്ക്കരിച്ചിട്ടുമുണ്ട്. എയർപോർട്ടിൽ നിന്നും പുറപ്പെടുന്നതിന് 4 മുതൽ 6 മണിക്കൂർ മുമ്പ് RTPCR ടെസ്റ്റ് നടത്തേണ്ടതിനാൽ, പരിശോധനാഫലം ലഭിക്കാൻ കൂടുതൽ സമയമെടുക്കുന്ന സാധാരണ ആർടിപിസിആർ ടെസ്റ്റ് എയർപോർട്ടിൽ സാധ്യമല്ല. അതിനാൽ വളരെ ചെറിയ സമയത്തിനുള്ളിൽ ആർടിപിസിആർ പരിശോധനാഫലം നൽകാൻ റാപിഡ് പിസിആർ ടെസ്റ്റ് ആണ് നടത്തുന്നത്. റാപിഡ് പിസിആർ ടെസ്റ്റ് കിറ്റുകളുടെ വില സാധാരണ ആർടിപിസിആർ ടെസ്റ്റുകളെ അപേക്ഷിച്ച് വളരെ |

| | | | |
|---|---|---|---|
| | | | കൂടുതലാണ്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് റാപിഡ് പിസിആർ ടെസ്റ്റിംഗ് നിരക്ക് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (ബി) | ഉണ്ടെങ്കിൽ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ കോവിഡ് -19 ടെസ്റ്റുകൾക്ക് വ്യത്യസ്ത നിരക്കുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നിശ്ചയിച്ച് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിമാനത്താവളങ്ങളിലെ കോവിഡ് -19 ടെസ്റ്റുകളുടെ നിരക്കുകൾ സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം അബോട്ട് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്, തെർമോ ഫിഷർ സയന്റിഫിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ റാപിഡ് പിസിആർ പരിശോധനയ്ക്ക് 2490/- രൂപയും സാധാരണ RTPCR പരിശോധനയ്ക്ക് 500/- രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ചില വിദേശ രാജ്യങ്ങൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇന്ത്യയിൽ നിന്നും യുഎഇ യിലേക്കുള്ള യാത്രക്കാർക്ക് യാത്ര പുറപ്പെടുന്നതിന് 48 മണിക്കൂറിനകമുള്ള RTPCR നെഗറ്റീവ് ഫലം ആവശ്യമാണ്. അതിനുപുറമേ, പുറപ്പെടുന്നതിനു മുമ്പുള്ള 4 മണിക്കൂറിനുള്ളിൽ വിമാനത്താവളത്തിൽ വച്ച് നടത്തുന്ന Rapid PCR പരിശോധനയ്ക്ക് വിധേയമാകണം. ചില രാജ്യങ്ങൾ പിന്നീട് 4 മണിക്കൂറെന്നുള്ളത് 6 മണിക്കൂറായി പരിഷ്ക്കരിച്ചിട്ടുമുണ്ട്. എയർപോർട്ടിൽ നിന്നും പുറപ്പെടുന്നതിന് 4 മുതൽ 6 മണിക്കൂർ മുമ്പ് RTPCR ടെസ്റ്റ് നടത്തേണ്ടതിനാൽ, പരിശോധനാഫലം ലഭിക്കാൻ കൂടുതൽ സമയമെടുക്കുന്ന സാധാരണ ആർടിപിസിആർ ടെസ്റ്റ് എയർപോർട്ടിൽ സാധ്യമല്ല. അതിനാൽ വളരെ ചെറിയ സമയത്തിനുള്ളിൽ ആർടിപിസിആർ പരിശോധനാഫലം നൽകാൻ റാപിഡ് പിസിആർ ടെസ്റ്റ് ആണ് നടത്തുന്നത്. റാപിഡ് പിസിആർ ടെസ്റ്റ് കിറ്റുകളുടെ വില സാധാരണ ആർടിപിസിആർ ടെസ്റ്റുകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് റാപിഡ് പിസിആർ ടെസ്റ്റിംഗ് നിരക്ക് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ